# 'ദൈവസ്നേഹ വാഹകർ'

## 1 യോഹന്നാൻ 4:19

''അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു.''

യോഹന്നാന്റെ ഒന്നാം ലേനത്തിൽ സ്നേഹത്തെക്കുറിച്ച് വളരെയധികം പ്രതിപാദിച്ചിട്ടുണ്ട്. അതിൽ അദ്ധ്യായം 4 ൽ പലവാക്യങ്ങളിലും അത് പ്രതിഫലിച്ചു കാണാം. പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക, സ്നേഹം ദൈവത്തിൽ നിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നേ (1 യോ. 4:7–8). ദൈവം സ്നേഹം തന്നെയെങ്കിൽ അവൻ എങ്ങനെയാണ് തന്റെ സ്നേഹം മനുഷ്യകുലത്തെ അറിയിച്ചത്? വാക്യം 9 ൽ പറയുന്നു, ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലോകത്തിലേക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിന്നു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. വാസ്തവത്തിൽ ദൈവത്തിന്നു മനുഷ്യനെ ഇത്രമാത്രം സ്നേഹിക്കേണ്ട ആവശ്യം ഉണ്ടായിരുന്നോ? ആദിമ സൃഷ്ടിയായ ആദാം മുതൽ തലമുറകൾ പിന്നിട്ട് ക്രിസ്തുവിന്റെ കാലം വരെ നോക്കിയാൽ നമുക്ക് കാണാം, തന്റെ സൃഷ്ടിയെ എത്ര അധികം സ്നേഹിക്കുന്ന ഒരു ദൈവമാണിതെന്ന്. ആദാമ്യപാപം മുതൽ മനുഷ്യനെ അതിൽ നിന്നു വീണ്ടു കൊള്ളുവാൻ തക്കവണ്ണം വളരെ കിണഞ്ഞു പരിശ്രമിക്കുന്ന ഒരു ദൈവം, എന്നാൽ അതിനു വിപരീതമായി ദൈവത്തിൽ നിന്നകന്നു പോയിക്കൊണ്ടിരുന്ന മനുഷ്യരാശി.

യിസ്രായേൽമക്കളെ നയിക്കേണ്ടതിന്നു മോശെ മുതൽ അങ്ങോട്ട് നീണ്ട നിരയായി പ്രവാചകന്മാരുടെ ഒരു കൂട്ടം, ന്യായാധിപന്മാർ, രാജാക്കന്മാർ എന്നിങ്ങനെ പലരെയും ദൈവം ഉപയോഗിച്ചു. ഇതെല്ലാം ദൈവത്തിന്നു തന്റെ ജനത്തോടുള്ള സ്നേഹം ഒന്നു കൊണ്ടുമാത്രമായിരുന്നു. എന്നാൽ പാപത്തിന്റെ അന്ധകാരത്തിൽ അകപ്പെട്ടുപോയിരുന്ന മനുഷ്യകുലത്തിന്നു ആ സ്നേഹം കാണുവാൻ കഴിയാതെപോയി. അവർ തങ്ങളുടെ മനസ്സിനെ ദൈവത്തിന്നു വിരോധമായി തിരിച്ചു കളഞ്ഞു. എന്നാൽ കാരുണ്യവാനായ ദൈവം അവിടെയും തന്റെ കരുണയെയും മനസ്സലിവിനെയും അവരുടെമേൽ വർദ്ധിപ്പിച്ചു. അതിൻഫലമായി, തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു അവനെ നമ്മുടെ പാപത്തിന്നു പരിഹാരയാഗമായി നൽകുവാൻ തക്കവണ്ണം നമ്മെ സ്നേഹിച്ചു. അത് നമ്മെ പാപത്തിൽ നിന്നു മോചിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, മറിച്ച് നമ്മെ ദൈവത്തിന്റെ സ്വന്തമക്കളെന്നും

ക്രിസ്തുവിന്നു കൂട്ടവകാശികളെന്നും ഉള്ള വലിയ പദവിയിലേക്ക് ഉയർത്തപ്പെടുകയും ആണ് ചെയ്യുന്നത്. അതുവഴി ഈ ദൈവത്തെ അബ്ബാ പിതാവേ എന്നു വിളിക്കുവാൻ നാം യോഗ്യരാകുന്നു.

അതു തന്നെയാണ 1 യോ. 3:1 ൽ പറയുന്നത്, **"കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു."** അങ്ങനെയെങ്കിൽ നമ്മുടെ ചിന്താ വാക്യത്തിൽ പറയുന്നതുപോലെ നാം അന്യോന്യം സ്നേഹിക്കണം. ദൈവം നമ്മെ സ്നേഹിച്ചതാണ്, നാം അതു രുചിച്ചറിഞ്ഞതാണ്. പക്ഷെ ആ സ്നേഹത്തെ നാം പകരുന്നില്ല എങ്കിൽ അത് ഇന്നു എന്നിലും നിങ്ങളിലും മാത്രം ഒതുങ്ങിപോകുന്ന ഒരവസ്ഥയിലേക്ക് ആയിത്തീരും. പക്ഷെ ദൈവസ്നേഹമില്ലാതെ നമുക്ക് ആരെയും ശരിയായി സ്നേഹിക്കുവാൻ സാധിക്കില്ല, കാരണം ദൈവത്തിന്റെ സ്നേഹമില്ലാത്ത സ്നേഹം വെറും വ്യാജ സ്നേഹമായിരിക്കും. എന്നാൽ നിർവ്യാജ സ്നേഹത്തിനുടമയായ ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ ഉണ്ടെങ്കിൽ അത് തീർച്ചയായും നമ്മെ ശരിയായ സ്നേഹ ബന്ധങ്ങളിലേക്ക് നയിക്കുകയും നാം ദൈവസ്നേഹ വാഹകരായിത്തീരുകയും ചെയ്യും.

നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു. ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു. അതിനായി ദൈവത്തിന്റെ ആത്മാവു നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം:**

**1 യോഹന്നാൻ 4:20**

**"ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകെക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല."**

**ബ്രദർ. ബിനു ബേബി ആലപ്പുഴ 085**